(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സോളാർ വൈദ്യുത പ്ലാന്റുകൾ

1 (3154) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാസയോഗ്യവും കൃഷിയോഗ്യവുമല്ലാത്ത സ്ഥലങ്ങൾ കണ്ടെത്തി അവിടെ സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുത പദ്ധതികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് ഇത്തരത്തിൽ വൻകിട പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൊല്ലം ജില്ലയിലെ പടിഞ്ഞാറെക്കല്ലടയിൽ വെള്ളം കെട്ടിക്കിടക്കുന്ന 300 ഏക്കർ സ്ഥലത്ത് 50 മെഗാവാട്ട് ശേഷിയുള്ള ഒരു സൗരോർജ്ജ വൈദ്യുത പദ്ധതി എൻ.എച്ച്.പി.സി.-മായി ചേർന്ന നടപ്പിൽ വരുത്താൻ നടപടി എടുത്തു വരുന്നു. കൂടാതെ 200 മെഗാവാട്ടിന്റെ ഒരു സൗരോർജ്ജ പാർക്ക് പദ്ധതി കാസർഗോഡ് ജില്ലയിൽ കേന്ദ്ര സർക്കാർ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി ചേർന്ന് നിർമ്മിക്കാനുള്ള നടപടികളും നടന്നു വരുന്നു.

സൗരോർജ്ജ വൈദ്യുത പദ്ധതി കേരളത്തിൽ

2 (3155) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദ്യ സൗരോർജ്ജ വൈദ്യുത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതി ചെലവിനുള്ള തുക എങ്ങനെ സമാഹരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(ഡി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഈ പദ്ധതി വഴി ലഭിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) അനെർട്ടിന്റെ ഉടമസ്ഥതയിൽ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് സ്ഥാപിക്കുന്ന സൗരോർജ്ജ പവർ പ്ലാന്റിൽ നിന്നും പ്രതിവർഷം 30 ലക്ഷത്തിലധികം യൂണിറ്റ് വൈദ്യുതി സംസ്ഥാന വൈദ്യുതി ബോർഡിന്റെ ശൃംഖലയിലേക്ക് നൽകുവാനാണ് ഉദ്ദേശിക്കുന്നത്. കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് വഴി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് 220 കെ.വി. സബ്സ്റ്റേഷൻ പരിസരത്ത് നിർമ്മിക്കുന്ന 1 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റിൽ നിന്നും 1.63 മില്യൻ യൂണിറ്റ് വൈദ്യുതിയാണ് ഒരു വർഷം ഉല്പാദനം പ്രതീക്ഷിക്കുന്നത്. സംസ്ഥാനം നേരിടുന്ന വൈദ്യുതി പ്രതിസന്ധി ഒരളവുവരെ ഒഴിവാക്കാനാവുന്നതോടൊപ്പം കെ.എസ്.ഇ.ബി. യുടെ സോളാർ റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ (Solar RPO) നിറവേറ്റുന്നതിനേക്കും ഈ പദ്ധതി ഉപകരിക്കുന്നതാണ്.

(സി) പാലക്കാട് കുഴൽമന്ദത്ത് സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റിനുള്ള ചെലവ് അനെർട്ടിൽ ചെലവഴിക്കാത്ത പദ്ധതി ഫണ്ടിൽ നിന്നും ഉപയോഗിക്കാനായി 30-3-2015-ലെ സ.ഉ. (ആർ.ടി.) 77/2015 ഊവ പ്രകാരം അനുമതി നല്കിയിട്ടുണ്ട്. 220 കെ.വി. സബ്സ്റ്റേഷനിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റിന് 50% തുക ഗവൺമെന്റും 50% തുക കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും ചെലവഴിക്കുന്നതിനുള്ള അനുമതി 30-11-2013-ലെ സ. ഉ.. (ആർ.ടി.) 305/2013/ഊ.വ. പ്രകാരം നല്കിയിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ പദ്ധതികളിലൂടെ 3 മെഗാവാട്ട് വൈദ്യുതി ഉല്പാദനമാണ് ലക്ഷ്യമിടുന്നത്.

കെ.എസ്.ഇ.ബി. -യിലെ ശമ്പള പരിഷ്കരണം

3 (3156) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ. ബി.യിൽ ജീവനക്കാരുടെ ശമ്പള വർദ്ധനവ് നടപ്പാക്കാനുള്ള കാലാവധി കഴിഞ്ഞിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly